**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 673** **02-02-2023 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിൽ കൂടുതൽ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ പ്രസ്തുത മേഖലയിൽ എന്തെല്ലാം പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികൾക്ക് എന്തെല്ലാം പുതിയ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള പദ്ധതികൾ ആയ ഉല്പാദന വിപണന ധനസഹായം (പി.എം.ഐ), മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ) എന്നിവ പ്രകാരം കയർ തൊഴിലാളികൾക്ക് ലഭ്യമായ ആനുകൂല്യങ്ങൾ തുടർന്നും അനുവദിച്ചുവരുന്നു. പി.എം.ഐ പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 506 സംഘങ്ങൾക്കായി 11,74,33,000/- രൂപയും (പതിനൊന്ന് കോടി എഴുപത്തിനാല് ലക്ഷത്തി മുപ്പത്തിമൂന്നായിരം രൂപ മാത്രം), 2022-23 സാമ്പത്തിക വർഷത്തിൽ 363 സംഘങ്ങൾക്കായി ഏഴ് കോടി രൂപയും അനുവദിച്ചു.<br><br>എം.ഡി.എ പദ്ധതി പ്രകാരം കയർ തൊഴിലാളി സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംസ്ഥാന വിഹിതമായി 2021-22 സാമ്പത്തിക വർഷം ഏഴ് കോടി രൂപയും, 2022-23 സാമ്പത്തിക വർഷം ഒമ്പത് കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകി വരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 12.5 കോടി രൂപയും കയർ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | ഇന വിവരം | അർഹത | ലഭിക്കുന്ന ആനുകൂല്യം |
|---|---|---|---|
| 1. | വിവാഹ ധനസഹായം | വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും | 2,000/- രൂപ |
| 2. | പ്രസവാനുകൂല്യം | വനിതാ അംഗത്തിനു മാത്രം | 15,000/- രൂപ |
| 3. | ചികിത്സാ സഹായം | അംഗത്തിന്റെയും ആശ്രിതരുടെയും ചികിത്സയ്ക്ക് | പ്രതി വർഷം 1,000/- രൂപ |
| 4. | ശാരീരിക അവശത സ്ഥിരാസ്വാധീനം | അംഗത്തിന് സ്ഥായിയായ അവശത യുണ്ടായാൽ | 2,500/- രൂപ അടിയന്തിര ധനസഹായവും തുടർന്ന് പ്രതിമാസം 1,600/- രൂപ പെൻഷനും. |
| 5. | താൽക്കാലിക അസ്വാധീനം | അംഗങ്ങൾക്ക് | 600/-രൂപ |
| 6. | അപകട മരണം | അംഗത്തിന്റെ ജീവിത പങ്കാളിക്ക് | 10,000/- രൂപ |
| 7. | ശവസംസ്കാര ധനസഹായം | അംഗമോ ആശ്രിതരോ മരണപ്പെട്ട ബോൾ | 1,000/- രൂപ |
| 8. | വിദ്യാഭ്യാസ ധനസഹായം | അംഗങ്ങളുടെ മക്കളുടെ എസ്.എസ്.എൽ.സി-ക്കു ശേഷമുള്ള പഠനത്തിന് | 750/- രൂപ |
|  |  | എഞ്ചിനീയറിംഗ്, മെഡിക്കൽ അഗ്രിക്കൾച്ചർ കോഴ്സുകൾക്ക് | 3,000/- രൂപ |
| 9. | കയർ തൊഴിലാളി പെൻഷൻ | ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് 60 വയസ്സ് പൂർത്തീകരിച്ച് നിധിയുടെ പരിരക്ഷ ലഭിക്കാത്ത മുൻ കയർ തൊഴിലാളി കൾക്കും ക്ഷേമനിധി അംഗമായി വിഹിതം അടച്ച് 60 വയസ്സിൽ വിരമിക്കുന്ന തൊഴിലാളികൾക്കും | പ്രതിമാസം 1,600/- രൂപ പ്രകാരം. |
| 10. | കുടുംബ പെൻഷൻ | മരണമടഞ്ഞ അംഗത്തിന്റെ / പെൻഷണറുടെ ജീവിത പങ്കാളിക്ക് | 1,000/- രൂപ (പ്രതിമാസം) |
| 11. | വിരമിക്കൽ ആനുകൂല്യം | നിയമപ്രകാരം ക്ഷേമനിധിയിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക് | അംഗത്വ കാലാവധി കണക്കാക്കി പ്രതിവർഷം 500/- രൂപ നിരക്കിൽ 2,500/- മുതൽ 15,000/- രൂപ വരെ |

സെക്ഷൻ ഓഫീസർ